

# ജറുസലെം ദൈവരാജ്യം

2023 മെയ് 5 വാല്യം 10 ലക്കം 8



പട്ടത്തച്ചൻ

## മിഷനറിയാകുക

''നിങ്ങൾ ഭയപ്പെടാതെ ഉറച്ചുനിൽക്കുവിൻ; നിങ്ങൾക്കുവേണ്ടി ഇന്ന് കർത്താവ് ചെയ്യാൻ പോകുന്ന രക്ഷാകൃത്യം നിങ്ങൾ കാണും''. യേശുവിന്റെ രക്ഷണീയ കൃത്യങ്ങളുടെ മധുരഫലങ്ങളനുഭവിച്ച പുണ്യനാളുകളെ ഞാൻ ഓർക്കുകയാണ്. മിഷനെ അറിയുവാനും മിഷനെ സ്നേഹിക്കുവാനും മിഷനെ വളർത്തുവാനുമായി ഇരുപതോളം വരുന്ന സംസ്ഥാനങ്ങളിൽനിന്ന് വിവിധ ഭാഷക്കാരും, വിവിധ വേഷഭൂഷാദികളുമായി വിവിധാനുഭവങ്ങളും പക്വതയാർന്ന അറിവുകളും പങ്കുവെച്ച ദിവസങ്ങൾ എത്രയോ ധന്യങ്ങളായിരുന്നു. ഏശയ്യ 55:5-ൽ നാം വായിക്കുന്നു: ''നിനക്ക് അജ്ഞാതമായ ജനങ്ങളെ നീ വിളിച്ചുകൂട്ടും. നിന്നെ അറിയാത്ത ജനതകൾ നിന്റെയടുക്കൽ ഓടിക്കൂടും''. എന്തെന്നാൽ നിന്റെ ദൈവമായ കർത്താവ് ഇസ്രായേലിന്റെ പരിശുദ്ധൻ നിന്നെ മഹത്വപ്പെടുത്തിയിരിക്കുന്നു. ഒരിക്കലും ചിന്തിക്കുവാനോ സങ്കല്പിക്കാനോ സാധിക്കാത്ത വിധത്തിൽ മുപ്പതോളം അഭിവന്ദ്യ പിതാക്കന്മാരും വികാരി ജനറൽമാരും, പ്രോവിൻഷ്യലച്ചന്മാരും പ്രോവിൻഷ്യലമ്മമാരും ധാരാളം സമർപ്പിതരും, പ്രേഷിതരും സന്നിഹിതരായിരുന്ന ധന്യമായ ദിനങ്ങൾ. തികച്ചും അജ്ഞാതമായ ജനങ്ങളെയും ദേശങ്ങളെയും കൂട്ടിച്ചേർത്ത ദൈവീക പദ്ധതിയുടെ മുമ്പിൽ ജറുസലെം വചനകൂടാരത്തിനും സി. എം. ഐ. സഭയ്ക്കും, ദേവമാത പ്രവിശ്യയ്ക്കും ചാരിതാർത്ഥ്യത്തിന്റെ അനർഘനിമിഷങ്ങളായി അത് മാറി.

ആദ്യത്തെ മാർപാപ്പയുടെ ഇടയലേഖനത്തിൽ വി. പത്രോസ് ശ്ലീഹാ പറയുന്നു: ''നിങ്ങളെല്ലാവരും ഹൃദയൈക്യവും അനുകമ്പയും സഹോദര സ്നേഹവും കരുണയും വിനയവും ഉള്ളവരായിരിക്കുവിൻ'' (1 പത്രോ 3:8). തിന്മയ്ക്ക് പകരം തിന്മയോ നിന്ദനത്തിനു പകരം നിന്ദനമോ കൊടുക്കരുത്. പരസ്പരം സ്നേഹിക്കാനും, ക്ഷമിക്കാനും സഹിക്കാനും, ബഹുമാനിക്കാനും, പങ്കുവെയ്ക്കാനും, മനസ്സിലാക്കാനും, ശ്രവിയ്ക്കാനും, ഇത്തരത്തിലുള്ള സംഗമങ്ങൾ സംഭവിയ്ക്കട്ടെ എന്ന് ഹൃദയത്തിൽ നമുക്ക് പ്രാർത്ഥിയ്ക്കാം.

ഇടവകകളും, സ്ഥാപനങ്ങളും, വിദ്യാർത്ഥികളും, അധ്യാപകരും, കുടുംബസമ്മേളന സാരഥികളും യുവജനങ്ങളും, സെമിനാരിയൻസും, ഒന്നിക്കുന്ന പുണ്യദിനങ്ങൾ, വിശ്വാസസംഗമങ്ങൾ ലോകത്തിൽ ധാരാളം ഉണ്ടാകട്ടെ. ''നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ 16:15). ഇത് ഒരു ഉപദേശമല്ല കല്പനയാണ്. മാമ്മോദീസ സ്വീകരിച്ച ഓരോരുത്തരും മിഷനറിമാരാണ്, പ്രേഷിതരാണ്. യേശുവിന്റെ അംബാസിഡേഴ്സാണ്. ഈ നവചൈതന്യം നമുക്ക് ആത്മീയോർജ്ജം പകരട്ടെ.



ഫിയാത്ത് മിഷൻ സംഘടിപ്പിച്ച നാലാമത് മിഷൻ കോൺഗ്രസ്സിന് വേദിയാകാൻ ജറുസലെം വചനകൂടാരത്തെ തിരഞ്ഞെടുത്ത ദൈവത്തിന് നന്ദിയേകുന്നു. 2003 ഏപ്രിൽ 19-23 വരെയാണ് (ഗ്രേറ്റ് ഗാതറിംഗ് ഓഫ് മിഷൻ) ജി. ജി. എം.ന് ജറുസലെം വേദിയായത്. അഖിലേന്ത്യാതലത്തിലുള്ള വിവിധ മിഷൻ കേന്ദ്രങ്ങളുടെ സ്റ്റാളുകളുള്ള എക്സിബിഷനും മലയാളത്തിലും ഇംഗ്ലീഷിലും സംഘടിപ്പിച്ച മിഷൻ ധ്യാനങ്ങളും മിഷനെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹമുള്ളവർക്ക് ആവേശം പകർന്നു. വ്യത്യസ്ത സംസ്കാരത്തിലുള്ള മിഷൻ കേന്ദ്രങ്ങൾ അവതരിപ്പിക്കുന്ന കൾച്ചറൽ എക്സ്ചേഞ്ച് പരിപാടികൾ, പ്രീസ്റ്റ് റിട്രീറ്റ്, വിവിധ റീത്തുകളിലുള്ള പിതാക്കന്മാരുമായി തുറന്ന് സംസാരിക്കാൻ വേദിയൊരുക്കുന്ന മീറ്റ് ദ ബിഷപ്പ് പ്രോഗ്രാം എന്നിവ മിഷൻ കോൺഗ്രസ്സിനെ ജനമനസ്സുകളിൽ സംതൃപ്തി നിറഞ്ഞ ഓർമ്മച്ചിത്രങ്ങൾ ഉണർത്തി. ബൈബിൾ എക്സ്പോയും, മിഷൻ അവാർഡ് സെറിമണിയും, മ്യൂസിക്കൽ നൈറ്റ് വിജിലും വിശ്വാസികൾക്ക് ആത്മീയോണർവേകി. ദൈവസാന്നിധ്യം നിറഞ്ഞുനിന്ന നൽസുദിനങ്ങളിൽ വചനകൂടാരത്തിൽ വന്നുചേർന്ന കർദ്ദിനാളിനും, ആൻഡ്രൂസ് താഴത്ത് പിതാവിനും, എല്ലാ അഭിവന്ദ്യ പിതാക്കന്മാർക്കും, വൈദികർക്കും, അല്മായർക്കും, യുവജനങ്ങൾക്കും മിഷൻ ചൈതന്യം ഇനിയും ഉണർത്താൻ സാധിക്കട്ടെ എന്നാശംസിക്കുന്നു.






**ജറുസലെം ധ്യാനകേന്ദ്രത്തിൽ ഫിയാത്ത് മിഷൻ സംഘടിപ്പിച്ച നാലാമത് മിഷൻ കോൺഗ്രസ്സ്**





“ഒരുപദ്രവവും ചെയ്യാത്തവരെമാത്രം നിങ്ങൾ സ്നേഹിച്ചാൽ പുറംജാതിക്കാരും നിങ്ങളും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്?”



# യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

**യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ്.** (ഹെബ്രായർ 13: 8)

## കൃപയുടെ ഭവനം കൃപയായി മാറിയപ്പോൾ




**ജിയന്ന മരിയ വിനു,** D/o ജാസ്മി വിനു,
ചേരങ്ങാടൻ ഹൗസ്, മൂന്നുമുറി പി.ഒ..

സങ്കീർത്തനങ്ങൾ 34: 10 ഇപ്രകാരമാണ്. ‘‘കർത്താവിനെ അന്വേഷിക്കുന്നവർക്ക് ഒന്നിനും കുറവുണ്ടാവുകയില്ല’’.ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ട് 9 വർഷമായിരുന്നു. അഞ്ച് വർഷം മുമ്പ് മക്കളില്ലാത്ത ദമ്പതികളുടെ ധ്യാനത്തിൽ പങ്കെടുത്തിരുന്നു. പിന്നെ ഞങ്ങൾ അബുദാബിയിൽ പോയി. അവിടെവെച്ച് മൂന്നു പ്രാവശ്യം ഗർഭിണിയായെങ്കിലും മൂന്നും അബോർഷനായി. പിന്നെ ഞാൻ വീണ്ടും ഗർഭിണിയായി. അപ്പോൾ മുതൽ ഞങ്ങൾ പട്ടത്തച്ചന്റെ കൃപയുടെ ഭവനം കാണാൻ തുടങ്ങി. ഓൺലൈനായി വെള്ളിയാഴ്ച ശുശ്രൂഷയിലും പങ്കെടുത്തിരുന്നു. അഞ്ചാം മാസത്തെ സ്കാനിംഗിൽ ഹാർട്ട് പൊസിഷൻ മാറി ഇരിക്കുകയാണെന്ന് ഡോക്ടർ പറഞ്ഞപ്പോൾ ഞാൻ വചനകൂടാരത്തിന്റെ വാട്സ്ആപിലേക്ക് പ്രാർത്ഥനാസഹായം അപേക്ഷിച്ചു. പിന്നെ സ്കാനിങ്ങിൽ ഹാർട്ട് നോർമൽ പൊസിഷനിൽ ആണെന്ന് പറഞ്ഞു. നവംബർ 13-ാം തിയ്യതി സാധാരണ പ്രസവത്തിലൂടെ ഒരു പെൺകുഞ്ഞിനെ നൽകി ജറുസലെം നാഥൻ അനുഗ്രഹിച്ചു. യേശുവേ നന്ദി, യേശുവേ സ്തുതി.

നിരവധിയായ അനുഗ്രഹങ്ങൾ ജറുസലെം നാഥൻ ഞങ്ങളുടെ കുടുംബത്തിനായി ചൊരിഞ്ഞിട്ടുണ്ട്. എന്റെ അനിയത്തി ഗർഭിണിയായപ്പോൾ ഏഴാം മാസവും ഒമ്പതാം മാസവും സ്കാനിങ്ങിൽ അവൾക്ക് കോർഡ് ചുറ്റിയിരിക്കുകയായിരുന്നു. ഞാൻ ഇവിടെ വന്ന് ഏഴ് വെള്ളിയാഴ്ച മുട്ടുകുത്തി പ്രാർത്ഥിക്കാം എന്ന് നേർന്നു. ഏഴാമത്തെ വെള്ളിയാഴ്ച അവളുടെ പ്രസവം നടന്നു. പ്രസവം നോർമലായിരുന്നു. അവളൊരു ആൺകുഞ്ഞിനെ പ്രസവിച്ചു. അവൾ രണ്ടാമതും ഗർഭിണിയായപ്പോൾ അവൾക്ക് ഒരു Skin Allergy വന്നു. ചിക്കൻപോക്സ് പോലെ ശരീത്തിൽ മുഴുവൻ കുരുക്കളും ചൊറിച്ചിലും ആയിരുന്നു. കുഞ്ഞിനെ ഒരു കുഴപ്പവുംകൂടാതെ തന്നാൽ വചന കൂടാരത്തിൽവന്ന് സാക്ഷ്യം പറയാമെന്ന് നേർന്നിരുന്നു. നോർമൽ പ്രസവത്തിലൂടെ ഒരു ആൺകുഞ്ഞിന് ജന്മം നൽകി. ആരോഗ്യമുള്ള കുഞ്ഞിനെ നൽകി അനുഗ്രഹിച്ച നല്ല ദൈവത്തിന് നന്ദിയേകുന്നു.

എന്റെ ഭർത്താവിനെ ചേട്ടന് ആറ് വർഷം കഴിഞ്ഞാണ് ഒരു കുഞ്ഞുണ്ടായത്. അവർ കുവൈറ്റിലായിരുന്നു. കുഞ്ഞിന് അവിടെവെച്ച് ഒരു ഇൻഫക്ഷൻ വന്നു. കാലിൽ വന്ന കുരു ഇൻഫക്ഷനായി മാറുകയായിരുന്നു. അത് എല്ലിലേക്ക് ബാധിച്ചു. കാലിന്റെ ഓപ്പറേഷൻ കഴിഞ്ഞു. ഷോൾഡറിനെയും ബാധിച്ചു. ജെറുസലെം നാഥയുടെ നിലവിളക്കിലെ എണ്ണ കൊണ്ടുപോയി കുഞ്ഞിന് പുരട്ടി. കുഞ്ഞ് സുഖംപ്രാപിച്ചു. ഇപ്പോൾ അവൾക്ക് ഒരു കുഴപ്പവുമില്ല. സാധാരണ കുഞ്ഞുങ്ങളെപ്പോലെ നടക്കുന്നു. ഞങ്ങളുടെ കുടുംബത്തിനായി നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി.

## അത്ഭുതങ്ങളുടെ ലോകം ഇനിയും അവസാനിച്ചിട്ടില്ല



**നിനക്ക് ഒരു തിൻമയും ഭവിക്കുകയില്ല, ഒരനർഥവും നിൻെറ കൂടാരത്തെ സമീപിക്കുകയില്ല. (സങ്കീ 9:10)**

## ദാനമായ ഉദരഫലം

**ജിഷ ജെഷിൻ,** ചക്കാലക്കൽ ഹൗസ്, വേലൂപ്പാടം



ഉദരഫലം ദൈവത്തിന്റെ സമ്മാനമാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. അൾത്താരയിലെ സാക്ഷിയാക്കി മാറ്റിയതിനെ ഓർത്ത് നല്ല ദൈവമേ നിനക്ക് നന്ദിയേകുന്നു. എന്റെ പേര് ജിസ്സ. എന്റെ മൂത്ത മകനുവേണ്ടിയാണ് ഞാൻ സാക്ഷ്യംപറയുന്നത്. വിവാഹം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞ് ഒരു കുഞ്ഞിനുവേണ്ടി ഒരുപാട് ആഗ്രഹിച്ചു. അഞ്ച് വെള്ളിയാഴ്ച ശുശ്രൂഷകളിൽ നിയോഗംവെച്ച് ഒരു കുഞ്ഞിനുവേണ്ടി ഇവിടെ വന്ന് പ്രാർത്ഥിച്ചു. അഞ്ചാമത്തെ വെള്ളിയാഴ്ച അച്ചൻ പ്രാർത്ഥനയുടെ മധ്യേ സന്ദേശമായി പറഞ്ഞു. കുഞ്ഞുങ്ങളില്ലാത്ത ദമ്പതികൾക്ക് കുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിക്കുന്നു എന്ന്. ഞാൻ വിശ്വാസത്തോടെ പ്രാർത്ഥിച്ചു. ആ മാസംതന്നെ ഞാൻ ഗർഭിണിയാണന്ന് അറിഞ്ഞു. പിന്നീട് അഞ്ചാമത്തെ അനോമലി സ്കാനിങ്ങിൽ കുഞ്ഞിന്റെ ഹാർട്ടിലെ ബ്ലഡ് സർക്കുലേഷനിൽ ചെറിയ വ്യത്യാസം ഉണ്ടെന്ന് അറിഞ്ഞു. സ്കാനിങ്ങിന് പോകുന്നതിന് മുമ്പ് ജറുസലെം നാഥന്റെ അടുത്തുവന്ന് ഞാനും ഭർത്താവും പ്രാർത്ഥിച്ചു. അഭിഷിക്ത അനുഗ്രഹം യാചിച്ചു. ദിവ്യവൈദ്യനും ഔഷധവുമായ യേശുവേ, എന്നിൽ വന്ന് നിറയണമെ. പൂർണ്ണമായി സുഖപ്പെടുത്തണമെ എന്ന പ്രാർത്ഥനയും ഉരുവിട്ടു. അച്ചൻ തന്ന് ആശീർവ്വദിച്ച മധുരം സ്വീകരിച്ച് പ്രാർത്ഥിച്ച് കഴിച്ചു. എന്നും ആ പ്രാർത്ഥന ചൊല്ലി വയറിന്മേൽ കുരിശുവരച്ച് പ്രാർത്ഥിക്കുമായിരുന്നു. അങ്ങനെ ദൈവാനുഗ്രമായി സുഖപ്രസവത്തിലൂടെ ആരോഗ്യമുള്ള ഒരു ആൺകുഞ്ഞിനെ തന്ന് അനുഗ്രഹിച്ചു. അവന് ഒരു വയസ്സ് കഴിഞ്ഞപ്പോൾ രണ്ടാമത് ഒരു ആൺകുഞ്ഞിനെകൂടി ദൈവം തന്ന് അനുഗ്രഹിച്ചു.

## ദിവ്യവൈദ്യനും ഔഷധവുമായ യേശുനാഥൻ

**റിൻസി ടെൻസൻ,** ചാലിശ്ശേരി ഹൗസ്, മാടക്കത്തറ



2020 ആഗസ്റ്റ് 20-ാം തിയ്യതി ജെറുസലെമിൽവന്ന് മക്കളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥനയിൽ ഞങ്ങൾ പങ്കെടുത്തിരുന്നു. വിവാഹം കഴിഞ്ഞ് ആറ് വർഷമായിട്ടും കുഞ്ഞുങ്ങളില്ലായിരുന്നു. വചനകൂടാരത്തിൽ വന്ന് പ്രാർത്ഥിച്ചതിന്റെ അടുത്ത മാസം ഞാൻ ഗർഭിണിയാവുകയും അതിന്റെ അടുത്ത മാസം കുഞ്ഞുങ്ങളില്ലാതിരുന്ന എന്റെ കൂട്ടുകാരി ഗർഭിണിയാവുകയും ചെയ്തു. ഞങ്ങളെ അടുത്തറിയാവുന്നവർ ചോദിച്ചു: ‘‘എന്ത് മെഡിസിനാണ് നിങ്ങൾ എടുത്തത്? ഏത് ഡോക്ടറെയാണ് നിങ്ങൾ കണ്ടത്?’’ ഞങ്ങൾ പോയതും കണ്ടതും ജറുസലെം നാഥനെ മാത്രമാണെന്നും ഏറ്റവും വലിയ വൈദ്യൻ യേശുനാഥൻ മാത്രമാണെന്നും ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. ഞങ്ങൾക്ക് രണ്ടുപേരെയും ദൈവം അത്ഭുതകരമായി കുട്ടികളെ നൽകി അനുഗ്രഹിച്ചു. ജറുസലെം നാഥന് ഒത്തിരി നന്ദി.

## രക്ഷ നൽകിയ ദൈവം



**ബിയ ഡെന്നി,** ഒരുമനയൂർ, തൃശൂർ

സങ്കീർത്തനങ്ങൾ 11: 34 ഇപ്രകാരമാണ്. ‘‘തങ്ങളുടെ കഷ്ടതയിൽ അവർ കർത്താവിനെ വിളിച്ചപേക്ഷിച്ചു. അവരുടെ കഷ്ടതയിൽ നിന്ന് അവിടുന്ന് അവരെ രക്ഷിച്ചു’’. ഞങ്ങളുടെ കഷ്ടതയിൽനിന്നും ഞങ്ങളെ രക്ഷിച്ച ദൈവമാണവിടുന്ന്. മാസം തികയാതെ (29 ആഴ്ചയിൽ ജനിച്ച ബേബിയാണ് എന്റെ മകൻ). ആറ് മാസം ഞങ്ങൾ ഗൾഫിലായിരുന്നു. അതിനുശേഷം ഇവിടെ വന്ന് ന്യൂറോസർജനെ കാണിച്ചിരുന്നു. ചിലപ്പോൾ സർജറി വേണ്ടിവരുമെന്ന് ഡോക്ടർ പറഞ്ഞപ്പോൾ ഞങ്ങൾ ജറുസലെം ധ്യാനകേന്ദ്രത്തിൽ വരികയും ബഹുമാനപ്പെട്ട പട്ടത്തച്ചനെ കണ്ട് പ്രാർത്ഥനാസഹായം യാചിക്കുകയും ചെയ്തു. അച്ചൻ കൈവെച്ച് പ്രാർത്ഥിച്ച് അവന് സർജറി ആവശ്യമില്ല എന്ന് പറയുകയും ചെയ്തു. ഇത്രയും വലിയ അത്ഭുതകരമായ രോഗസൗഖ്യം നൽകിയ ദൈവത്തിന് നന്ദി. എന്റെ ഭർത്താവ് ഡെന്നിയുടെ വിസയിൽ പേര് ചെയ്ഞ്ച് ചെയ്യുവാൻ നോക്കിയപ്പോൾ 2007-ൽ ഒരു കേസുണ്ടായിരുന്നതിനാൽ ഓഫീസിൽനിന്ന് പേപ്പർ ക്ലിയർ ചെയ്യാൻ പറയുകയുണ്ടായി. ഈ വ്യാഴാഴ്ച പേപ്പർ ഞങ്ങൾക്ക് ലഭിച്ചു. അതിന് കർത്താവിനോട് ആയിരം നന്ദി പറയുന്നു.

## പ്രാർത്ഥന കേട്ട ദൈവം



**റീന ജോർജ്ജ്,** തട്ടിൽ ഹൗസ്,
പഴുവിൽ പി.ഒ. ചാഴൂർ

നമ്മുടെ പ്രാർത്ഥനകളും യാചനകളും കേട്ട് ഉത്തരമരുളുന്ന ദൈവമാണ് നമുക്കുള്ളത്. 2022 ഡിസംബർ മൂന്നിന് സ്കാൻ ചെയ്തപ്പോൾ എന്റെ യൂട്രസിനു ചുറ്റും ധാരാളം മുഴകളും തടിപ്പും കണ്ടെത്തി. 75 ശതമാനം കാൻസർ ആയിരിക്കുമെന്ന് ഡോക്ടർ പറഞ്ഞു. ജറുസലെം വചനകൂടാരത്തിൽ വന്ന് അഭിഷിക്തരോട് പ്രാർത്ഥനാസഹായം അഭ്യർത്ഥിച്ചു. പട്ടത്തച്ചനെ കണ്ടപ്പോൾ ജനുവരി ആറിന് മാസാദ്യവെള്ളിയാഴ്ചയിലെ ശുശ്രൂഷയിൽ പങ്കെടുത്ത് പ്രാർത്ഥിക്കാൻ പറഞ്ഞു. ജനുവരി 10ന് ഓപ്പറേഷൻ തീരുമാനിച്ചിരുന്നു. ഓപ്പറേഷനുവേണ്ടി തിയ്യറ്ററിൽവെച്ച് അനസ്തേഷ്യ നൽകിയതിനുശേഷം ഒന്നൂകൂടെ സ്കാൻ ചെയ്യണമെന്ന് ഡോക്ടർ പറഞ്ഞു. സ്കാനിങ്ങിൽ കാൻസർ അല്ലെന്ന് അറിഞ്ഞപ്പോൾ ഡി.എൻ.സി. വഴി മുഴകളും ഹിസ്റ്റോപാത്തോളജി വഴി യൂട്രസിലെ പോളകളും മാറ്റി. ഓപ്പറേഷൻ കൂടാതെ സൗഖ്യം നൽകിയ പൊന്നുതമ്പുരാന് ആരാധനയും നന്ദിയും സ്തുതിയുമേകുന്നു. ‘‘എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരിക്കലും തള്ളിക്കളയുകയില്ല’’ (യോഹ. 6: 37). വചനത്തിന്റെ അഭിഷേകത്താൽ എന്നെ അനുഗ്രഹിച്ച് സൗഖ്യം നൽകിയ ഈശോനാഥന് നന്ദിയും സ്തുതിയുമേകുന്നു.

## ആശ്രയിക്കാൻ ദൈവം മാത്രം



**ചിഞ്ചു ജോർജ്ജ്,** കരിന്തറക്കൾ ഹൗസ്,
പാലാരിവട്ടം പി.ഒ., എറണാകുളം

നമ്മുടെ രോഗാവസ്ഥകളിൽ, തകർച്ചകളിൽ ആശ്രയമാകേണ്ടത് ദൈവത്തോടുള്ള നിരന്തരമായ പ്രാർത്ഥനയാണ്. എന്റെ ഭർത്താവിന് അസഹനീയമായ വയറുവേദനയും ആവർത്തിച്ചുള്ള ഛർദ്ദിയും ഉണ്ടായി. മരുന്നുരകൾ പലതും നൽകിയെങ്കിലും കുറയാത്തതിനാൽ കർണ്ണാടക മെഡിക്കൽ സെന്ററിൽ ഗ്യാസ്ട്രോ വിഭാഗത്തിൽ പ്രവേശിപ്പിക്കുകയും എൻഡോസ്കോപ്പി ചെയ്യുകയും ചെയ്തു. പക്ഷെ അതിൽ ഒന്നും കണ്ടെത്താൻ സാധിച്ചില്ല. അതേസമയം ഓക്സിജൻ ലെവൽ വളരെ താണുപോവുകയും അബോധാവസ്ഥയിൽ ആവുകയുംചെയ്തു. തുടർന്ന് ഡോക്ടർ സി.ടി. സ്കാൻ ചെയ്യുകയും ഐ.സി.യു. വിലേക്ക് മാറ്റുകയും ചെയ്തു. സി.ടി. യും ബ്ലഡ് റിസൾട്ടും വന്നപ്പോൾ പാൻക്രിയാസിൽ നീരും കരളിന്റെയും ലെൻസിന്റെയും ഭാഗത്ത് ഫ്ളൂയിഡ് കളക്ഷനും ഉണ്ടെന്ന് പറഞ്ഞു. അതോടൊപ്പം രക്തത്തിലെ ട്രൈഗ്ലിസറോയ്ഡ്സ് നോർമലിൽനിന്നും വളരെ കൂടുതലാണെന്നും കണ്ടെത്തി. ഇതിന്റെ റിപ്പോർട്ട് കണ്ട ഡോക്ടർ നില വളരെ മോശമാണെന്നും ചിലപ്പോൾ ഓപ്പറേഷൻ വേണ്ടിവരുമെന്നും അതോടൊപ്പം വെന്റിലേറ്ററിൽ ആക്കണമെന്നും പറഞ്ഞു. ഡോക്ടറുടെ നിർദ്ദേശപ്രകാരം ഭർത്താവിനെ ആസ്റ്റർ മെഡിസിറ്റിയിൽ അഡ്മിറ്റാക്കി. ആദ്യം ആന്റിബയോടിക് നൽകി കുറവില്ലെങ്കിൽ ഓപ്പേറേഷൻ വേണമെന്ന് പറഞ്ഞു. ഈ സമയം ഐ.സി.യു. വിന്റെ മുന്നിലിരുന്ന് ജറുസലെം നാഥനോട് ഭർത്താവിന്റെ സൗഖ്യത്തിനുവേണ്ടി കരഞ്ഞു പ്രാർത്ഥിച്ചു. സൗഖ്യം നൽകിയാൽ അൾത്താരയിൽ സാക്ഷ്യപ്പെടുത്താമെന്ന് നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചു. കർത്താവ് അത്ഭുതം പ്രവർത്തിച്ചു. പിറ്റേ ദിവസത്തെ ബ്ലഡ് റിസൾട്ടിൽ ട്രൈഗ്ലിസറോയ്ഡിന്റെ അളവ് വളരെ കുറഞ്ഞു. 13 ദിവസത്തെ ട്രീറ്റ്മെന്റിനുശേഷം ഹോസ്പിറ്റലിൽനിന്ന് ഡിസ്ചാർജ്ജ് ചെയ്തു. യേശുവേ, നന്ദി, സ്തോത്രം.

## വിശ്വസിച്ച് പ്രാർത്ഥിച്ചപ്പോൾ

**ഡെയ്സി,** മാളിയേക്കൽ ഹൗസ്, കല്ലൂർ.



ഹെബ്രാ. 11: 6 ഇപ്രകാരമാണ്: ‘‘വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല’’. വിശ്വസിച്ച് പ്രാർത്ഥിച്ചപ്പോൾ ദൈവം ഞങ്ങളുടെ ജീവിതത്തിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചു. എന്റെ ജീവിതപങ്കാളിക്ക് 2021 ജൂലൈ മാസത്തിൽ സ്ട്രോക്ക് വന്ന് തൊണ്ട്



## "ആദിമാതാപിതാക്കളുടെ പാപംവഴി നമുക്കുവന്ന സങ്കടങ്ങൾക്കും ഞെരുക്കങ്ങൾക്കും പുറമെ നിങ്ങളുടെ പ്രവർത്തികൾവഴി നിങ്ങൾ വീണ്ടും ഇവ ഉണ്ടാക്കരുത്."



അടഞ്ഞുപോയി. തൊണ്ട തുറന്ന് അദ്ദേഹത്തിന് ഭക്ഷണം കഴിക്കാൻ സാധിക്കുന്നതിനുവേണ്ടി ജറുസലെം നാഥ നോട് ഞാൻ വിശ്വാസത്തോടെ പ്രാർത്ഥിച്ചു. അദ്ദേഹ ത്തിന് നടക്കുവാൻ സാധിക്കുമായിരുന്നില്ല. ജറുസലെം നാഥന്റെ അനുഗ്രഹംകൊണ്ട് അദ്ദേഹത്തിനു നടക്കുവാൻ സാധിക്കുകയും ട്യൂബ് ഊരി ഭക്ഷണം കഴിക്കുന്നതിന് സാധിക്കുകയും ചെയ്തു. ഇത്രയും വലിയ അനുഗ്രഹ ങ്ങൾ ഞങ്ങളുടെ കുടുംബത്തിന് നൽകിയ ഈശോയ്ക്കും അമ്മ മാതാവിനും ഒരായിരം നന്ദി.

# അനുഗ്രഹദായികയായ ജറുസലെം നാഥ



**ബെന്നറ്റ് ജോസഫ്**, കള്ളിക്കുന്നത്ത് ഹൗസ്, പള്ളിപ്പുറാട്ട് പി.ഒ., എറണാകുളം

ജറുസലെം നാഥ നമ്മുടെ അമ്മയാണ്. അമ്മയോട് പ്രാർത്ഥിച്ചാൽ ഏത് വിഷമസ ന്ധിയിലും അമ്മ നമ്മുടെ കൂടെയുണ്ടാകും. ആറ് മാസങ്ങൾക്ക് മുമ്പ് എന്റെ മകന് രണ്ട് വയസ്സായിരിക്കുമ്പോൾ ഒരു ദിവസം കടുത്ത പനിയോടു കൂടി ഫിറ്റ്സ് വന്നു. കുട്ടി ആകെ നീലച്ചുപോയി. അവന് പൾസും ഉണ്ടായിരുന്നില്ല. ഞങ്ങൾ എത്രയൊക്കെ ശ്രമി ച്ചിട്ടും അവൻ സാധാരണനിലയിൽ ആകുന്നുണ്ടായിരു ന്നില്ല. എല്ലാവരും വളരെയധികം ഭയപ്പെട്ടു. അപ്പോൾ ഞങ്ങൾ ജറുസലെം നാഥയോട് പ്രാർത്ഥിച്ചു. കുട്ടി സൗ ഖ്യം പ്രാപിക്കുകയാണെങ്കിൽ ജറുസലെം നാഥയുടെ അടുത്ത് കുട്ടിയെ കൊണ്ടിവന്ന് പ്രാർത്ഥയിൽ പങ്കെ ടുക്കാമെന്നും സാക്ഷ്യം പറയാമെന്നും നേർന്നതിന്റെ ഫലമായി കുട്ടി സുഖപ്പെട്ടു, സാധാരണ നിലയിലായി. ഈ വലിയ അനുഗ്രഹത്തിന് ഞാനും കുടുംബവും ജറുസലെം നാഥയോടു നന്ദി പറയുന്നു.

# അനന്തമായ കാരുണ്യം



**എൽസി വർഗ്ഗീസ്**, പൊന്തേക്കൻ ഹൗസ്, തലോർ

''സ്വർഗ്ഗസ്ഥനായ ദൈവത്തിന് നന്ദി പറയുവിൻ. അവിടുത്തെ കാരുണ്യം അനന്ത മാണ്'' (സങ്കീ. 136: 26). എന്റെ കൈയിൽ അലർജിയുടെ അസുഖം ഉണ്ടായിരുന്നു. 2021 -ലെ കൺവൻഷന് ജറുസലെം വചനകൂടാ രത്തിൽ വന്നപ്പോൾ ഈശോയോട് സൗഖ്യത്തിനായി പ്രാർത്ഥിച്ചു. സൗഖ്യപ്പെടുത്തി ജറുസലെം നാഥന്റെ അൾത്താരയിലെ സാക്ഷിയാക്കി മാറ്റണമെന്ന് നിയോഗ ത്തോടെ പ്രാർത്ഥിച്ചപേക്ഷിച്ചു. അഭിഷിക്ത നിർദ്ദേശമനു സരിച്ച് നിലവിളിക്കിലെ എണ്ണ പുരട്ടി പ്രാർത്ഥിച്ചു. ദിവ്യ വൈദ്യനും ഔഷധവുമായ ഈശോയെ എന്നിൽ വന്ന് നിറയണമെ, എന്നെ സുഖപ്പെടുത്തണമെ എന്ന് പ്രാർത്ഥി ച്ചപേക്ഷിച്ചപ്പോൾ എന്റെ അലർജി രോഗം സൗഖ്യപ്പെട്ടു.

# ആയുസ്സും ആരോഗ്യവും നൽകുന്ന ദൈവം



**ആൻസി ജിന്റോ,** ആളൂക്കാരൻ ഹൗസ്, അയ്യപ്പൻകാവ് പി.ഒ., മുളയം

നമ്മെ സൃഷ്ടിച്ച കർത്താവാണ് ആയുസ്സും, ആരോഗ്യവും നൽകി നമ്മെ പരിപാലിക്കു ന്നത്. എന്റെ അപ്പച്ചന് പെട്ടെന്നാണ് ശ്വാസ കോശ ക്യാൻസർ ആണെന്ന് സ്ഥിരീകരിക്കു ന്നത്. ഇനി ഒന്നും ചെയ്യാൻ സാധിക്കില്ലെന്നും കൂടിയാൽ ഒരാഴ്ച സമയംകൂടി മാത്രമേ ഉണ്ടാകൂ എന്നും പറഞ്ഞു. എന്നാൽ കർത്താവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി രണ്ട് വർഷംകൂടി ദൈവം ആയുസ്സ് നൽകി. 2021 ഡിസം ബർ 24ന് അപ്പച്ചൻ മരിച്ചു. എങ്കിലും ചെയ്യാനുള്ളതെല്ലാം ചെയ്യാനും ആ സാഹചര്യം ഉൾക്കൊള്ളാനുമുള്ള സമയം ദൈവം തന്നതിനെയോർത്ത് നന്ദി പറയുന്നു (ഏശ. 12; 2). ഇപ്രകാരമാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. ''ഇതാ ദൈവമാണ് എന്റെ രക്ഷ. ഞാൻ അങ്ങയിൽ ആശ്രയി ക്കും. ഞാൻ ഭയപ്പെടുകയില്ല. എന്തെന്നാൽ ദൈവമായ കർത്താവ് എന്റെ ബലവും ഗാനവുമാണ്. അവിടുന്ന് എന്റെ രക്ഷയായിരിക്കുന്നു''. എന്റെ ഭർത്താവ് 15 ദിവസത്തോളം ആശുപത്രിയിൽ അഡ്മിറ്റായിരുന്നു. പല ടെസ്റ്റുകലും ചെയ്തിട്ടും വിട്ടുമാറാത്ത പനിയുടെ കാരണം മനസ്സി ലായില്ല. കർത്താവിന്റെ ശക്തമായ ഇടപെടൽമൂലം പനി വിട്ടുമാറുകയും വീട്ടിൽ തിരിച്ചെത്തുകയും ചെയ്തു.

# നീ എന്റേതാണ്



**ബീന ജോൺസൻ,** ഞാറേക്കാടൻ ഹൗസ്, പോട്ട, ചാലക്കുടി

''ഭയപ്പെടേണ്ട, ഞാൻ നിന്നെ രക്ഷിച്ചിരിക്കു ന്നു. നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്'' (ഏശ. 43: 1). ഉദരസംബന്ധ മായ അസ്വസ്ഥതകളെ തുടർന്ന് ഡോക്ടറെ കണ്ടപ്പോൾ കാൻസർ ഉണ്ടോ എന്ന് അറിയുന്നതിനുള്ള ബ്ലെഡ് ടെസ്റ്റും ബയോപ്സി ടെസ്റ്റും നടത്താൻ പറഞ്ഞു. ഇത് എനിക്ക് സഹിക്കാൻ കഴിഞ്ഞില്ല. പിറ്റേ ദിവസം ഞാൻ വചനകൂടാരത്തിൽ പട്ടത്തച്ചന്റെ പ്രാർത്ഥനാസ ഹായം അഭ്യർത്ഥിച്ചു. അച്ചൻ എനിക്കുവേണ്ടി പ്രാർത്ഥി ക്കുകയും വചനം നൽകി അനുഗ്രഹിക്കുകയും ചെയ്തു. വചനം ആവർത്തിച്ച് ഉരുവിട്ട് ഞാൻ ടെസ്റ്റും ബയോ പ്സിയും നടത്തി. ടെസ്റ്റ് റിസൾട്ട് എല്ലാം നോർമലായി രുന്നു. വെള്ളിയാഴ്ച വചനകൂടാരത്തിൽ വന്ന് സാക്ഷ്യ പ്പെടുത്തണമെന്ന് അച്ചൻ പറഞ്ഞിരുന്നു. ജറുസലെം നാഥന്റെ അനുഗ്രഹത്താൽ എല്ലാ റിസൾട്ടുകളും നോർമലായതിനും ആരോഗ്യം തിരിച്ച് നൽകിയതിനും ആയിരമായിരം നന്ദി പറയുന്നു.

# സൗഖ്യദായകനായ ഈശോ



**ജോഷ്ന ടി.ബി.,** താണിശ്ശേരി ഹൗസ്, ചിറ്റിശ്ശേരി പി.ഒ.

നമ്മുടെ രോഗങ്ങളിൽ, വേദനകളിൽ സൗഖ്യം നൽകിയനുഗ്രഹിക്കുന്ന സൗ ഖ്യദായകനാണ് ഈശോ. എനിക്ക് രണ്ടാഴ്ചയായി വിട്ടുമാറാത്ത വയറു വേദന ഉണ്ടായിരുന്നു. മരുന്ന് കഴിച്ചിട്ടും ഡോക്ടർമാരെ മാറിമാറി കണ്ടിട്ടും അസുഖം മാറിയിരു ന്നില്ല. അതിനാൽ ഞങ്ങൾ ജറുസലെം ധ്യാനകേന്ദ്രത്തിൽ വരികയും നിലവിളക്കിലെ എണ്ണ വയറിൽ കുരിശുവ രുച്ചു പ്രാർത്ഥിക്കുകയും വയറുവേദന മാറിയാൽ ഇവിടെ വന്ന് സാക്ഷ്യം പറയാമെന്ന് പറഞ്ഞിരുന്നു. അതിന്റെ ഫലമായി എന്റെ വയറുവേദന മാറുകയും സ്കാനിങ്ങിൽ ഒരു കുഴപ്പവും ഇല്ലാതിരിക്കുകയും ചെയ്തു. യേശുവേ, നന്ദി. യേശുവേ സ്തുതി.

# പ്രാർത്ഥന കേട്ട ദൈവം



**അബിലാഷ് എം.,** ചിറ്റടി ഹൗസ്, ചിറ്റടി പി. ഒ.പാലക്കാട്

''അവിടുന്ന് എനിക്ക് ഉത്തരമരുളി. അവിടുന്ന് എന്റെ പ്രാർത്ഥന കേട്ട് എന്നെ രക്ഷിച്ചു'' (സങ്കീ. 118: 21). എന്റെ കഴുത്തിന്റെയും ഇടുപ്പിന്റെയും ഡിസ്ക് ബൾജ് ആയതു മൂലം കഴിഞ്ഞ ഒരു വർഷമായി ഞാൻ ചികിത്സയിലും പ്രാർത്ഥനയിലുമായിരുന്നു. പ്രത്യേക നിയോഗത്തോടെ വചനകൂടാരത്തിലെ പ്രാർത്ഥനാശു ശ്രൂഷയിൽ പങ്കെടുത്ത് സൗഖ്യത്തിനായി പ്രാർത്ഥിച്ചു. ''നിന്നെ കർത്താവ് സുഖപ്പെടുത്തി കഴിഞ്ഞു. നിന്റെ വേദന കർത്താവ് കണ്ടിട്ടുണ്ട്'' എന്ന അഭിഷിക്ത വചനം എനിക്ക് പ്രത്യാശയായി മാറി. കർത്താവ് എന്നെ സുഖ പ്പെടുത്തിയെന്ന് ഉറച്ച് വിശ്വസിച്ച് പ്രാർത്ഥിച്ചു. ഞാൻ അൾത്താരയിലെ സാക്ഷിയായി തീർന്നു. സൗഖ്യം നൽകിയ നല്ല ദൈവത്തിന് നന്ദിയേകുന്നു.

# അനുഗ്രഹങ്ങൾ വർഷിച്ച ദൈവം



**ജിസ്ന ജോസ്,** ചിരിയങ്കണ്ടത്ത് ഹൗസ്, അമ്മാടം,

ജീവിത പ്രതിസന്ധികളിൽ തകർന്നു പോകാതെ ദൈവത്തെ വിളിച്ചപേക്ഷിച്ചാൽ അവിടുന്ന് നമ്മെ കൈപിടിച്ചുയർത്തും. ഞാൻ ദുബായിലേക്കുള്ള പരീക്ഷ പാസ്സാവുകയും എന്നാൽ തടസ്സങ്ങൾ കാരണം പോകാൻ സാധിക്കാതെ വരികയും ചെയ്തു. ശ്വാസംമുട്ടൽ മൂലം എനിക്ക് പോകാൻ സാധിക്കുന്നില്ലായിരുന്നു. ഈ വിഷ മാവസ്ഥയിൽ ഞങ്ങൾ പട്ടത്തച്ചനെ വന്ന് കാണുകയും അച്ചൻ പ്രാർത്ഥിക്കുകയും ചെയ്തു. തടസ്സങ്ങൾ മാറി ഞാൻ ജോലിയിൽ പ്രവേശിച്ചു. അമ്മയ്ക്ക് ഭക്ഷണം കഴി ക്കാൻ സാധിക്കില്ലായിരുന്നു. വിശപ്പില്ലായ്മമൂലം ഡോ ക്ടറെ കാണിച്ചപ്പോൾ ലിവർ വലുതായി എന്ന് പറഞ്ഞു. അമലയിലേക്ക് റഫർചെയ്തു. ഡോക്ടർ ബയോപ്സി ചെയ്യാൻ പറഞ്ഞു. ബയോപ്സി ചെയ്തപ്പോൾ നെഗറ്റീവ് ആയി. അന്ന് മുതൽ മരുന്ന് കഴിക്കുന്നുണ്ടായിരുന്നു. ഇപ്പോൾ മരുന്ന് നിറുത്താമെന്ന് ഡോക്ടർ പറഞ്ഞു. കൂടാതെ ഭർത്താവിന്റെ വിദേശയാത്രയ്ക്കുള്ള തടസ്സവും മാറി. ഇത്രയും വലിയ അനുഗ്രഹങ്ങൾ നൽകിയ ജറു സലെം നാഥന് നന്ദിയേകുന്നു.



# കർത്താവാണെന്റെ ബലം

**മിനി ജയപ്രകാശ്**, കൈലത്തുവളപ്പിൽ ഹൗസ്, ഒല്ലൂർ

നമ്മുടെ ആശ്രയവും ബലവും കർത്താവാണ്. തകർച്ച കളിൽ താങ്ങാവുന്നതും കർത്താവാണ്. എന്റെ മകൻ സ്പൗസ് വിസയിലാണ് വിദേശത്തേക്ക് പോയത്. വിസ വന്നപ്പോൾ ജോബ് ചെയ്യാൻ പറ്റാത്ത വിസയാണ് വന്നത്. അങ്ങനെ മൂന്ന് മാസം ജോലി ചെയ്യാൻ പറ്റാതെ വിഷ മിച്ചു. ജറുസലെം കൺവൻഷൻ നടക്കുന്ന സമയത്ത് നിയോഗംവെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ഓൺലൈ നിൽ കണ്ടുകൊണ്ടിരിക്കുന്ന സമയത്തുതന്നെ മകന് ജോലിക്കുള്ള മെയിൽ വന്നു. ദൈവമെ നന്ദി. എന്റെ സഹോദരന് ലിവർ സിറോസിസ് ആയിരുന്നു. പെട്ടെന്ന് ഓർമ്മ പോയി. ഹോസ്പിറ്റലിൽ കൊയണ്ടുപോയി. നാല് ദിവസം കഴിഞ്ഞാണ് ഓർമ്മ വന്നത്. ഓർമ്മ വരികയാ ണെങ്കിൽ ജറുസലെം നാഥന്റെ മുന്നിൽ സാക്ഷ്യംപറയാ മെന്ന് നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചിരുന്നു. ഞങ്ങളെ അനുഗ്രഹിച്ച നല്ല ദൈവത്തിന് നന്ദിയേകുന്നു.

# അനുഗ്രഹദായകനായ ദൈവം

**ലില്ലി ജോസഫ്,** ചെറുശ്ശേരി ഹൗസ്



''ദൈവത്തെ വിളിച്ചപേക്ഷിച്ചാൽ അവിടുന്ന് നമ്മെ അനുഗ്രഹിക്കും. കരുണയും അനുഗ്ര ഹവുംകൊണ്ട് നിറയ്ക്കും'' (ജ്ഞാനം 3: 9). എന്റെ മകൻ ഗൂഗിൾ കമ്പനിയിൽ ജോലി ആഗ്രഹിച്ചിരുന്നു. ഇന്റർവ്യൂ കഴിഞ്ഞ് നാല് റൗണ്ട് പാസ്സായി. പിന്നീട് രണ്ട് മാസം വരെ ഒരു അറിയിപ്പുപോലും ഉണ്ടായിരുന്നില്ല. ഞങ്ങൾ കുടുംബ സമേതം വചനകൂടാരത്തിൽ വന്ന് പ്രാർത്ഥിച്ചിരുന്നു. അതു കൂടാതെ മകളുടെ കുടുംബം ഒഴിവുദിനങ്ങളിൽ വന്നും നിയോഗത്തോടെ പ്രാർത്ഥിച്ചിരുന്നു. ഞങ്ങൾ കഴിഞ്ഞ മാസത്തിലെ ഉപവാസ പ്രാർത്ഥനയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി മകന് ഗൂഗിൾ കമ്പനിയിൽ ജോലി ലഭിച്ചു. പട്ടത്തച്ചൻ കുർബ്ബാനമധ്യേ മകന്റെ ജോലികാര്യം സന്ദേശമായി വിളിച്ച് പറഞ്ഞി രുന്നു. ശുശ്രൂഷകൾക്ക് ശേഷം വചനകൂടാരത്തിൽനിന്ന് ഇറങ്ങിയപ്പോൾ മകന് ജോലി ലഭിച്ച ഫോൺ സന്ദേശം വന്നു. ഒരു വർഷമായി എന്റെ കാലിന്റെ ഉപ്പൂറ്റിയിൽ വേദ നയുണ്ടായിരുന്നു. ഒരുപാട് ഡോക്ടർമാരെ കാണിച്ചു. മരുന്ന് കഴിക്കുമ്പോൾ വേദന മാറു. മരുന്ന് നിർത്തിയാൽ വേദന വീണ്ടും വരും. കഴിഞ്ഞ ജനുവരി 21-ാം തിയ്യതി തൈലാഭിഷേകം കഴിഞ്ഞതിനുശേഷം എനിക്ക് വേദന വന്നിട്ടില്ല. യേശുവെ നന്ദി.

# സ്ഥിരതയോടെ പ്രാർത്ഥിച്ചപ്പോൾ

**ഗ്രെയ്സി ജോൺസൻ**, മാളക്കാരൻ ഹൗസ്, പി.ഒ. നെടുപുഴ



റോമാ 12: 12 ഇപ്രകാരമാണ്: ''പ്രത്യാശ യിൽ സന്തോഷിക്കുവിൻ. ക്ലേശങ്ങളിൽ സഹനശീലരായിരിക്കുവിൻ. പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരായിരിക്കുവിൻ''. എന്റെ മകൾക്ക് തൃശൂരിൽത്തന്നെ ജോലി ലഭിക്കു ന്നതിനുവേണ്ടി ഞാൻ നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചപേക്ഷിച്ചപ്പോൾ മൂന്നാമത്തെയാഴ്ച തൃശൂരി ലുള്ള സ്ഥാപനത്തിൽ എച്ച്.ആർ. ആയി ജോലി നൽകി ദൈവം മകളെ അനുഗ്രഹിച്ചു. എന്റെ മരുമകൻ വിദേശ ത്താണ് ജോലി ചെയ്യുന്നത്. മൂന്നാഴ്ചയായി വിട്ടുമാറാത്ത പനി വന്നു. നാല് ഡോക്ടർമാരെ മാറിമാറി കാണിച്ചു. ഒരു ഞായറാഴ്ച വൈകിട്ട് ഞാൻ പട്ടത്തച്ചനെ കണ്ടു പ്രാർത്ഥിച്ചു. അന്ന് നടന്ന ജപമാല പ്രദക്ഷിണത്തിൽ പങ്കെടുത്തു പ്രാർത്ഥിച്ചതിനുശേഷം ദിവ്യവൈദ്യനും ഔഷധവുമായ യേശുവേ എന്നിൽ വന്നു നിറയണമെ, പൂർണ്ണമായി സൗഖ്യപ്പെടുത്തണമെ എന്നു പ്രാർത്ഥന അച്ചന്റെ നിർദ്ദേശപ്രകാരം അവർക്ക് അയച്ചുകൊടുത്തു. ദിവ്യവൈദ്യനും ഔഷധവുമായ ഈശോനാഥൻ മകനെ സുഖപ്പെടുത്തി.

# ദൈവം നമ്മോട് കൂടെയുണ്ട്



**സിൽവി ജോൺസൻ**, മൂക്കൻ ഹൗസ്, അവിണിശേരി, ഒല്ലൂർ

നമ്മോടുകൂടെ ഒരു ദൈവമുള്ളപ്പോൾ ന ാം ഭയപ്പെടേണ്ട കാര്യമില്ല. ദൗർഭാഗ്യങ്ങ ളിൽ നിന്നും നമ്മെ രക്ഷിക്കുന്ന പിതാവാണ് അവിടുന്ന്. വിജയം നൽകുന്നത് കർത്താ വാണ്. എന്റെ മകൾ കെടെറ്റ് എക്സാം എഴുതി. അതിന്റെ റിസൾട്ട് വന്നപ്പോൾ എന്റെ മകൾക്ക് 89 മാർക്കാണ് ലഭി ച്ചത്. പക്ഷെ ആൻസർകീയിൽ രണ്ട് ചോദ്യങ്ങളുടെ ഉത്തരം തെറ്റായിരുന്നു. അതിന്റെ കറക്ഷനുവേണ്ടി കുറ ച്ചുപേർ അപ്പീൽ കൊടുത്തിരുന്നു. ഞാൻ സ്ഥിരമായി ജറുസലെമിൽ വന്ന് പ്രാർത്ഥിക്കാറുണ്ട്. ഈ സമയത്ത് ഒരു അച്ചന്റെ ക്ലാസ് കേൾക്കാൻ ഭാഗ്യം ലഭിച്ചു. അച്ചൻ പറഞ്ഞു: ഈശോയ്ക്ക് നമ്മുടെ ജീവിതത്തിന്റെമേൽ പ ല അധികാരങ്ങളുമുണ്ട്. ദൂരത്തിന്റെ മേൽ, സമയത്തിന്റെ മേൽ, നമ്മുടെ ദൗർഭാഗ്യത്തിന്റെ മേൽ. അന്നു തുടങ്ങി ഞാൻ സ്ഥിരമായി, ശക്തമായി പ്രാർത്ഥിക്കാൻ തുടങ്ങി. എന്റെ മകൾക്ക് പാസ്സാകാൻ ഒരു മാർക്ക് കുറവാണ്. ഈ ഒരു മാർക്കിന് തോൽക്കുക എന്ന ദൗർഭാഗ്യത്തിന്റെ മേൽ അധികാരമുള്ളവനേ, നിന്നെ ഞാൻ സ്തുതിക്കുന്നു. പ രീക്ഷ നടത്തുന്ന സകല അധികാരികളുടെമേലും അധി കാരമുള്ളവരനേ, എന്റെ മകളുടെ ജീവിതത്തിൽ ഇടപെട ണമെ. മൂന്നാഴ്ചക്കുശേഷം ആൻസർകീയിൽ കറക്ഷൻ വന്നു. ഒരു ഉത്തരമാണ് കറക്ട് ചെയ്തത്. ആ ഒരു മാർക്ക് എന്റെ മകൾക്ക് ലഭിച്ചു. അവൾ പാസ്സായി. ഇത് എന്റെ മകൾക്കുവേണ്ടി മാത്രം ഈശോ ചെയ്ത ഒരു അത്ഭു തമാണെന്ന് ഞാൻ വിശ്വസിക്കുന്നു. പരി. അമ്മയ്ക്കും ഈശോയ്ക്കും ഒരായിരം നന്ദി.

# എനിക്ക് പ്രണയം ഈശോയോട്





ഈസ്റ്റർദിനത്തലേന്ന് മലയാള മനോരമ ചാനൽ സിനി ജോൺസൻ സംപ്രേഷണം ചെയ്ത ഈസ്റ്റർ വോയ്സ് മനോഹരമായ ദൃശ്യാനുഭവമായി മാറി. മനോരമയുടെ ഇന്ത്യൻ വോയ്സ് എന്ന റിയാലിറ്റി ഷോയിലെ മിന്നും താരം ബിബിൻ ജോർജ്ജ് ഫാദർ ബിബിൻ ജോർജ്ജായി അന്ന് ആ ഷോയിൽ വന്നു. അച്ചനെ ഇന്റർവ്യൂ ചെയ്ത ചാന്ദിനിയും (സെല്ലുലോയ്ഡ് ഫെയിം) ആ റിയാലിറ്റി ഷോയിലെ മത്സരാർത്ഥിയായിരുന്നു. ലോകപ്രശസ്ത സംഗീതജ്ഞൻ എ. ആർ. റഹ്മാൻ സാറിന്റെ സംഗീത സംവിധാനത്തിൽ സിനിമയിൽ പാടാൻ അവസരം ലഭിച്ച അനശ്വര ഗായകൻ എല്ലാ പ്രശസ്തിയും ഉപേക്ഷിച്ച് ഒരു പുരോഹിതനായി ഈശോയുടേതായി തീർന്നു. മനോരമയുടെ ഈസ്റ്റർ ദിന പരിപാടിയിൽ ജനലക്ഷങ്ങളെ സാക്ഷിയാക്കി ലോകത്തോട് വിളിച്ചുപറഞ്ഞു. എനിക്ക് പ്രണയം കർത്താവിനോടാണ്. അത് കഴിഞ്ഞിട്ടേ സംഗീതമുള്ളൂ. പുരോഹിതനാകാനുള്ള ബിബിൻ ജോർജ്ജിന്റെ തീരുമാനത്തെ പ്രശസ്തരായ സംഗീത സംവിധായകരും, ഗായകരും നിരുത്സാഹപ്പെടുത്തിയപ്പോൾ അദ്ദേഹം വീണ്ടും പറഞ്ഞു. ''എനിക്ക് പ്രണയം കർത്താവിനോടാണ്''. അരുക്കുറ്റി പാദുവാപുരം സെന്റ് ആന്റണീസ് ചർച്ചിൽ കൊച്ചച്ചനായി ഫാദർ ബിബിൻ ജോർജ്ജ് തറേപ്പറമ്പിൽ നമുക്ക് നൽകുന്ന അഭിമാനവും ആനന്ദവും അവർണ്ണനീയമാണ്. പൗരോഹിത്യത്തേയും, സന്യാസജീവിതങ്ങളേയും അവഹേളിക്കുകയും, ആക്രമിക്കുകയും ചെയ്യുന്ന ഇന്നത്തെ ലോകത്തിന് ഒരൽഭുതമാണ് ഫാദർ ബിബിൻ ജോർജ്ജ്. കർത്താവിനോടുള്ള പ്രണയം മൂലം അനേകം ഫുട്ബോൾ കളിക്കാരും, ഡോക്ടേഴ്സും, എഞ്ചിനീയർമാരും പുരോഹഗിതരും, സന്യസ്തരും ആയി തീർന്നിട്ടുണ്ടെന്ന് നമുക്കറിയാം. ദൈവം തൊടുന്ന ജീവിതങ്ങളാണ് പുരോഹിതരുടേത്. ''യുഗാന്ത്യം വരെ എന്നും ഞാൻ നിങ്ങളോട് കൂടി ഉണ്ടായിരിക്കും'' എന്ന ഈശോയുടെ കല്പനകളുടെ പൂർത്തീകരണമാണ് ഓരോ പുരോഹിതനും. ഈ കാലഘട്ടത്തിലും പുരോഹിത ദൈവവിളികൾ നൽകി നമ്മെ ധന്യരാക്കുന്ന നല്ല ദൈവത്തിന് നമുക്ക് നന്ദിയേകാം.

വെല്ലുവിളികളും, പ്രയാസങ്ങളും നിറഞ്ഞ പൗരോഹിത്യ, സന്യസ്തജീവിതാന്തസ്സ് തിരഞ്ഞെടുത്തവർക്കായി പ്രത്യേകം പ്രാർത്ഥിക്കാൻ നമുക്ക് കടമയുണ്ട്. മാമ്മോദീസ മുതൽ മരണം വരെ തിരുകർമ്മങ്ങൾ നമുക്കായി നൽകുന്ന ഇവരുടെ പ്രവർത്തനമേഖലകളും നമുക്ക് സങ്കല്പിക്കാൻ പോലും പറ്റാത്തതാണ്. അതുകൊണ്ടുതന്നെ വിശുദ്ധവാരത്തിന്റെ സമീപദിവസങ്ങളിൽ ജയിൽ ഡി. ജി. പി. ബൽറാംകുമാർ ഉപാധ്യായയുടെ ഒരു പ്രത്യേക ഉത്തരവ് വിശ്വാസികളിൽ ദു:ഖമുളവാക്കി. ഇന്ത്യയുൾപ്പെടെ വിവിധ ലോകരാജ്യങ്ങളിൽ കത്തോലിക്കാസഭയുടെ തടവറ പ്രേഷിതത്വ സംഘടനകൾ തീക്ഷ്ണതയോടെ ജയിൽ അടയ്ക്കപ്പെട്ടിരിക്കുന്നവർക്കിടയിലേയ്ക്ക് കടന്നുചെല്ലുന്ന നാളുകളാണ് വിശുദ്ധവാരം. കേരളത്തിൽ കെ. സി. ബി. സി. യുടെ ജയിൽ മിനിസ്ട്രിയ്ക്കും പ്രവർത്തന സ്വാതന്ത്ര്യം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായെങ്കിലും ജനങ്ങളുടെ വ്യാപക പ്രതിഷേധത്തെതുടർന്ന് ആ ഉത്തരവ് പിൻവലിക്കേണ്ടിവന്നു. സമൂഹത്തിന്റെ ഉന്നമനത്തിനും, ജീവിത പരിവർത്തനത്തിനുമായി, സ്വന്തം ജീവൻ പോലും ത്യജിക്കേണ്ടിവരുന്ന അനേകം പുരോഹിതരും സന്യസ്തരുമുണ്ട്. മിഷൻ മേഖലയിൽ നിരന്തരം ആക്രമണങ്ങൾക്ക് വിധേയമാകുന്നുണ്ടെങ്കിലും ക്രൈസ്തവവിശ്വാസത്തിൽ ഉറച്ച് നിൽക്കുന്ന പുരോഹിതരേയും സന്യസ്തരേയും ഓർത്ത് നമുക്കഭിമാനിക്കാം. ഇവർ ഈശോയുടെ പ്രിയപുത്രന്മാരും പുത്രികളുമാണ്. നമ്മുടെ സ്വന്തമാണ്.

## അനുഗ്രഹദായകൻ ദൈവം



**ലിസ്സി ബാബു,** പുളിക്കൽ ഹൗസ്, പാലപ്പിള്ളി പി.ഒ. നെടുംപാടം

ഞങ്ങളുടെ ഭവനത്തിൽ 15 ലക്ഷം രൂപയോളം കടബാധ്യതയുണ്ടായിരുന്നു. പലിശ കൊടുത്തുകൊണ്ടാണിരുന്നത്. ജറുസലെമിൽ വന്ന് മാതാവിനോട് മാധ്യസ്ഥംവെച്ച് പ്രാർത്ഥിക്കുകയും വിശുദ്ധ കുർബ്ബാനയിലും ആരാധനയിലും പങ്കെടുക്കുകയും ചെയ്തു. ദൈവത്തോട് തീക്ഷ്ണമായി പ്രാർത്ഥിച്ചപ്പോൾ ഞങ്ങളുടെ ജീവിതത്തിൽ ദൈവം അത്ഭുതം പ്രവർത്തിച്ചു. മൂന്ന് മാസം കഴിഞ്ഞപ്പോൾ മകന് ഗൾഫിൽ ഉയർന്ന് ശമ്പളത്തോടുകൂടിയ ജോലി ശരിയാവുകയും ലോൺ വഴി കടബാധ്യതകൾ 90 ശതമാനവും തീർക്കുകയും ചെയ്തു. അനുഗ്രഹദായകനായ ദൈവത്തിന് നന്ദിയേകുന്നു.

## വിസ തടസ്സം മാറി



**ഷീജ ജോയ്**

ഭർത്താവിന്റെ അടുത്ത് പോകാനുള്ള വിസ തടസ്സം മാറാനായി 7 വെള്ളിയാഴ്ചകളിൽ മുടങ്ങാതെ ജെറുസലേം ധ്യാനകേന്ദ്രത്തിൽ വന്നു പ്രാർത്ഥിച്ചതിന്റെ ഫലമായി വിസ തടസ്സം മാറുകയും കുടുംബമായി ഒന്നിച്ചു ജീവിക്കുകയും ചെയ്തു. ദൈവത്തിന് കോടാനുകോടി നന്ദിയും സ്തുതിയും ആരാധനയും അർപ്പിക്കുന്നു. താമസിച്ചതിന് ക്ഷമാപണം.

## ദൈവകൃപയും കൃപയുടെ ഭവനവും

https://www.youtube.com/jerusalemretreatcentrelive/live

പട്ടത്തച്ചൻ CMI



## സഹനപ്പൂക്കൾ

https://www.youtube.com/jerusalemretreatcentrelive/live

പട്ടത്തച്ചൻ CMI

## ഈശോയുടെ കൂടെ

TO BE WITH JESUS [FOR YOUTH] ഫാ. സിജോ തയ്യാലക്കൽ CMI



## ദിവ്യകാരുണ്യ സൗഖ്യ ആരാധനയും അനുഗ്രഹ ജപമാലയും

ഫാ. ദേവസ്യ കാനാട്ട് CMI

https://www.youtube.com/jerusalemretreatcentrelive/live



## ജറുസലെം ശുശ്രൂഷകൾ മെയ് 2023

| | | |
|---|---|---|
| 1 - 3 | 9, 10 Std. Retreat | |
| 5 - 8 | +1, +2 Retreat | |
| 6 | രോഗശാന്തി ശുശ്രൂഷ, ഗർഭിണികളുടെ പ്രാർത്ഥന, അമ്മയും കുഞ്ഞും ശുശ്രൂഷ | (09.00 am - 12.00 noon) |
| 9 | 2, 3, 4 Std. Retreat | (09.00 am - 4.00 pm) |
| 11 - 14 | ആത്മാഭിഷേക ധ്യാനം (മലയാളം) | (04.00 pm) |
| 16 | LKG, UKG, 1st Std. Retreat | (09.00 am - 4.00 pm) |
| 18 - 21 | ആത്മാഭിഷേക ധ്യാനം (തമിഴ്) | (04.00 pm) |
| 21 | കുഞ്ഞുങ്ങളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥന | (09.30 am - 1.00 pm) |
| 24 - 29 | Sisters Retreat | |
| 28 | 'ഈശോ' എന്ന ആദ്യാക്ഷരം കുറിയ്ക്കൽ | (01.00 pm - 4.00 pm) |
| 30 - 31 | ഉപവാസ വിടുതൽ ധ്യാനം | (09.00 am) |
| | തൊഴിലാളികളുടെ പ്രാർത്ഥന (വ്യാഴാഴ്ചകളിൽ) | (06.30 pm - 08.00 pm) |
| | ജപമാല പ്രദക്ഷിണം (ഞായറാഴ്ചകളിൽ) | (05.15 pm- 06.15 pm) |
| | To be with Jesus യുവജനങ്ങളുടെ പ്രാർത്ഥന (ശനിയാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| | ദിവ്യകാരുണ്യ സൗഖ്യാരാധന (എല്ലാ ദിവസവും) | (06.30 pm - 08.30 pm) |

Jerusalem Retreat Centre You Tube Channelൽ

https://www.youtube.com/c/JerusalemRetreatCentre



മെയ് 28 "Cutim'F-¶

ആദ്യാക്ഷരം കുറിയ്ക്കൽ ശുശ്രൂഷ (1.00 pm - 4.00 pm)

Pdp-ksewss_-_nÄ{Km-a-¯n-ţe-bv¡vv

Ipªn-ss]-X-§Ä-¡v kzmK-Xw



3 വയസ്സുമുതൽ 4 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് വചന പഠനസ്വഭാവരൂപീകരണത്തിനുള്ള കോഴ്സാണ് ജറുസലെം ബൈബിൾ ഗ്രാമം ശുശ്രൂഷ. ഓൺലൈനായും, ഓഫ് ലൈനായും പഠനത്തിനുള്ള സൗകര്യമുണ്ട്. മെയ് 1 മുതൽ മെയ് 15 വരെ അപ്ലിക്കേഷൻ ഫോമുകൾ ജറുസലെം ഓഫീസിൽ നിന്ന് ലഭ്യമാണ്.

SHIJI TEACHER MOB: 9188 085 163

## എല്ലാ വെള്ളിയാഴ്ചയും

പൊതു പ്രാർത്ഥനാ ദിനമായിരിക്കും (8.30 a.m. - 3.30 p.m.)

## PRAYER LINE

എല്ലാ ദിവസവും രാത്രി 9.30 ന് ബഹു. ഡേവീസ് പട്ടത്തച്ചൻ നേതൃത്വം നൽകുന്നു



Access code : 3321285#

Call in : 8929 700 137

**ജറുസലെം ശുശ്രൂഷകളെ സഹായിക്കാൻ ആഗ്രഹിക്കുന്നവർ**

JERUSALEM RETREAT CENTRE

A/c. No. 0309 0381 9770 195 001

CSB Bank LTD, Thalore Branch

IFSC : CSBK 0000309

Swift code: CSYBIN 55

UPI id: jerusalemre.20077@csbpay

അക്കൗണ്ടിലൂടെ പണം അയക്കുന്നവർ ഈ നമ്പറിലേക്ക് [+91 8304 069 046] അഡ്രസ്സ് വാട്സ്ആപ്പ് ചെയ്യണേ